**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 484** **08-10-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കായുള്ള മെഡിസെപ് പദ്ധതിയുടെ നിലവിലെ കരാർ കാലാവധി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ കരാർ പുതുക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള മെഡിസെപ് പദ്ധതിയുടെ നിലവിലെ കരാർ കാലാവധി 2025 ജൂൺ 30 ന് പൂർത്തിയാകുന്നതാണ്. മെഡിസെപ് പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതിന് മുന്നോടിയായി കാലാനുസൃതമായി പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനായി വിവിധ സർവ്വീസ്, പെൻഷൻ സംഘടനകളുമായി മന്ത്രി തലത്തിൽ ചർച്ച നടത്തുകയും ചർച്ചയിൽ ഉന്നയിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് വരികയുമാണ്. |
| (ബി) | മെഡിസെപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർ ഏതെല്ലാം തസ്തികയിലെന്നും അവരെ നേരിട്ട് ബന്ധപ്പെടാവുന്ന ടെലിഫോൺ നമ്പർ അടക്കമുള്ള വിശദാംശങ്ങളും നൽകാമോ; | (ബി) | ഉണ്ട്. മെഡിസെപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ആറ് (6) ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട് . പ്രസ്തുത ജീവനക്കാരുടെ വിശദ വിവരം ചുവടെ പറയും പ്രകാരമാണ്:<br><br>**1) മെഡിക്കൽ ഓഫീസർ**<br><br>**2) ഇൻഷുറൻസ് എക്സ്പേർട്ട്**<br><br>**3) മാനേജർ (മോണിറ്ററിംഗ് & ഇവാലുവേഷൻ)**<br><br>**4) അസ്സിസ്റ്റന്റ് മാനേജർ (മോണിറ്ററിംഗ് & ഇവാലുവേഷൻ)**<br><br>**5) അസ്സിസ്റ്റന്റ് മാനേജർ ( അക്കൗണ്ട്സ് )**<br><br>**6) ഡാറ്റ എൻട്രി ഓപ്പറേറ്റർ**<br><br>**പ്രസ്തുത ജീവനക്കാരെ 0471-2517389 എന്ന ടെലിഫോൺ നമ്പറിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.** |
| (സി) | മെഡിസെപിൽ സംസ്ഥാനത്തെ പ്രധാന സ്വകാര്യ ആശുപത്രികളിലെ പല ഡിപ്പാർട്ട്മെന്റുകളിലും ചികിത്സയ്ക്ക് സൗകര്യം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലുള്ള മെഡിസെപ് | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്വകാര്യ ആശുപത്രികളെയും അവയിലെ എല്ലാ ചികിത്സാ വിഭാഗങ്ങളെയും |

| | | | |
|---|---|---|---|
| | പ്രീമിയം പരിഷ്കരിച്ച് എല്ലാ വിഭാഗം ചികിൽസകളും ഏത് ആശുപത്രികളിലും ക്യാഷ് ലെസ്സായി ലഭിക്കുന്ന തരത്തിൽ സമഗ്ര ഇൻഷുറൻസ് പദ്ധതിയായി മെഡിസെപിനെ മാറ്റുവാൻ തയ്യാറാകുമോ; | | മെഡിസെപ്പിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇൻഷുറൻസ് കമ്പനിയും ആശുപത്രി അധികൃതരുമായി വിവിധ അവലോകനയോഗങ്ങളിൽ ചർച്ചകൾ നടത്തുകയും പ്രസ്തുത ആശുപത്രികളെയും അവയിലെ എല്ലാ ചികിത്സാവിഭാഗങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഇൻഷുറൻസ് കമ്പനിക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട് . മൂന്നു വർഷ പോളിസി കാലയളവിൽ( 2022-2025) കരാറിലെ വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ച് പ്രീമിയം പരിഷ്കരണമോ മറ്റ് ഏതെങ്കിലും തരത്തിലുള്ള പരിഷ്കരണമോ നടത്തുവാൻ കഴിയുകയില്ല. |
| (ഡി) | പദ്ധതിയിൽ ക്ലയിം സംബന്ധിച്ച് നാളിതുവരെ ഉണ്ടായ തർക്കങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ? | (ഡി) | പദ്ധതിയിൽ ക്ലെയിം സംബന്ധിച്ച് നാളിതുവരെ ഉണ്ടായ തർക്കങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ആയതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**മെഡിസെപ്പ് ത്രിതല പരാതി പരിഹാര സംവിധാനം ഉപയോഗപ്പെടുത്തി ഗുണഭോക്താക്കൾ നൽകിയ പരാതി/തീർപ്പാക്കപ്പെട്ട പരാതികളുടെ എണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.**

- ജില്ലാതല പരാതി പരിഹാര സമിതിയിൽ ലഭ്യമായ പരാതി/തീർപ്പാക്കപ്പെട്ട പരാതികളുടെ എണ്ണം. (02/10/2024 വരെ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമായവ)

| ജില്ല | ആകെ ലഭ്യമായ പരാതികളുടെ എണ്ണം | ആകെ തീർപ്പാക്കപ്പെട്ടിട്ടുള്ള പരാതികളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 264 | 212 |
| കൊല്ലം | 296 | 176 |
| പത്തനംതിട്ട | 173 | 133 |
| ആലപ്പുഴ | 199 | 187 |
| കോട്ടയം | 203 | 189 |
| ഇടുക്കി | 137 | 40 |
| എറണാകുളം | 613 | 405 |
| തൃശ്ശൂർ | 325 | 235 |
| പാലക്കാട് | 142 | 97 |
| മലപ്പുറം | 230 | 194 |
| കോഴിക്കോട് | 1,023 | 768 |
| വയനാട് | 99 | 76 |
| കണ്ണൂർ | 173 | 151 |
| കാസർഗോഡ് | 54 | 43 |
| ആകെ | 3931 | 2906 |

സംസ്ഥാനതല പരാതി പരിഹാര സമിതിയിൽ ലഭ്യമായ പരാതി/തീർപ്പാക്കപ്പെട്ട പരാതികളുടെ എണ്ണം.

| | ആകെ ലഭ്യമായ പരാതികളുടെ എണ്ണം | ആകെ തീർക്കപ്പെട്ടിട്ടുള്ള പരാതികളുടെ എണ്ണം |
|---|---|---|
| സംസ്ഥാനതല പരാതി പരിഹാര സമിതി | 367 | 127 |

- അപ്പലേറ്റ് അതോറിറ്റി പരാതി പരിഹാര സമിതിയിൽ ലഭ്യമായ പരാതി/തീർപ്പാക്കപ്പെട്ട പരാതികളുടെ എണ്ണം.

| അപ്പലേറ്റ് അതോറിറ്റി | ● ആകെ ലഭ്യമായ പരാതികളുടെ എണ്ണം | ആകെ തീർക്കപ്പെട്ടിട്ടുള്ള പരാതികളുടെ എണ്ണം |
|---|---|---|
| | 40 | 5 |